(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(സി) 2000-2001 അദ്ധ്യയനവർഷത്തിൽ പഠിക്കുന്ന വിദ്യാർത്ഥികളിൽ നിന്നും ഇതിനുവേണ്ടി അപേക്ഷകൾ സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ ആയതിലേക്ക് അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ഓപ്പൺ സ്കൂളിൽ പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രീഡിഗ്രി/പാരലൽ കോളേജിൽ പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് നൽകുന്ന നിരക്കിൽ വിദ്യാഭ്യാസാനുകൂല്യം നൽകുന്നതിന് ജില്ലാ ഓഫീസർമാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) നടപടി സ്വീകരിച്ചിട്ടുണ്ട്.

റസിഡൻഷ്യൽ സ്കൂൾ സ്ഥാപിക്കുന്നതിന് നടപടി

24 (249) ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര റസിഡൻഷ്യൽ സ്കൂളുകൾ സ്ഥാപിച്ചിട്ടുണ്ട് ; എവിടെയൊക്കെ ;

(ബി) റസിഡൻഷ്യൽ സ്കൂൾ സ്ഥാപിക്കുന്നതിന്റെ മാനദണ്ഡം എന്താണ് ;

(സി) പട്ടികജാതി/പട്ടികവർഗ്ഗക്കാർ വളരെയധികം താമസിക്കുന്ന മഞ്ചേശ്വരം മണ്ഡലത്തിലെ എൺമക്കുളം പഞ്ചായത്തിൽ ഒരു റസിഡൻഷ്യൽ സ്കൂൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ 4 മോഡൽ റസിഡൻഷ്യൽ സ്കൂളുകളും പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ 16 മോഡൽ റസിഡൻഷ്യൽ സ്കൂളുകളും സ്ഥാപിച്ചിട്ടുണ്ട്. വിശദമായ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു†.

† അനുബന്ധം XI.

LIBRARY ARCHIVES Kerala Legislative Assembly

(ബി) റസിഡൻഷ്യൽ രീതിയിലാണ് വിദ്യാഭ്യാസം നല്കുന്നതെങ്കിൽ സ്കൂൾ പ്രവർത്തിപ്പിക്കാൻ ഏറ്റവും അനുയോജ്യമായതും കുറഞ്ഞത് പത്തേക്കറോളം സ്ഥലം കെട്ടിടനിർമ്മാണത്തിനു ലഭിക്കാൻ സാദ്ധ്യതയുള്ളതുമായ സ്ഥലത്താണ് എം.ആർ.എസ്.കൾ ആരംഭിച്ചിട്ടുള്ളത്. എല്ലാ ജില്ലകളിലും ഒരു സ്കൂളെങ്കിലും ഉണ്ടാകണമെന്നും പട്ടികവർഗ്ഗക്കാർ കൂടുതലുള്ള ജില്ലകളിൽ ഒന്നിൽകൂടുതൽ സ്കൂളുകൾ വേണമെന്നതും മാനദണ്ഡമാണ്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

അനീമിയ രോഗം

25 (250) ശ്രീ. പി. ജെ. ഫ്രാൻസിസ് :
ശ്രീ. എ. കെ. മണി :
ശ്രീമതി രാധാരാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എവിടെയെല്ലാം ആദിവാസി ആവാസ കേന്ദ്രങ്ങളുണ്ട് ;

(ബി) ഈ ആവാസ കേന്ദ്രങ്ങളിൽ എവിടെയെല്ലാം 'സിക്കിൾസെൻ അനീമിയ' എന്ന രോഗം ആദിവാസികളിൽ കണ്ടുവരുന്നു ;

(സി) എത്ര ശതമാനം ആദിവാസികളിൽ ഈ രോഗം കാണപ്പെടുന്നു ;

(ഡി) ഈ രോഗത്തിന്റെ ചികിത്സക്കുള്ള മരുന്നിന് വലിയ വിലയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ഈ മരുന്നു വാങ്ങാൻ ആദിവാസികൾക്ക് കഴിവില്ലാത്തതിനാൽ ഈ മരുന്ന് സൗജന്യമായി നൽകി അവരെ ഈ രോഗത്തിൽ നിന്നും രക്ഷിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് എല്ലാ ജില്ലകളിലും ആദിവാസി ആവാസ കേന്ദ്രങ്ങളുണ്ട്.

(ബി) പാലക്കാട്, വയനാട് ജില്ലകളിലും മലപ്പുറം ജില്ലയുടെ ചില ഭാഗങ്ങളിലും ആദിവാസികളിൽ സിക്കിൾസെൻ അനീമിയ രോഗം കണ്ടുവരുന്നു.

(സി) കൃത്യമായി കണക്കാക്കിയിട്ടില്ല ; എന്നാൽ വയനാട് ജില്ലയിൽ 12000 (പന്തീരായിരം) പേർക്ക് രോഗം ഉള്ളതായി കണക്കാക്കിയിട്ടുണ്ട്.

(ഡി) ഇല്ല.

(ഇ) സിക്കിൾസെൻ അനീമിയ രോഗത്തിന് ഫലപ്രദമായ മരുന്നുകൾ ഇതുവരെയും കണ്ടെത്തിയതായി അറിയില്ല. എന്നാൽ രോഗത്തിന്റെ കാഠിന്യം കുറക്കുന്നതിനുള്ള മരുന്നുകൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം XI

[20-2-2001-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 24(249)-ന്റെ 'എ' ഉത്തരം ദയവായി കാണുക]

പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ

1. ആലപ്പുഴ
2. ആലുവ
3. തൃശ്ശൂർ
4. പാലക്കാട് (തൃത്തായ)

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ

1. കട്ടേല, തിരുവനന്തപുരം
2. പത്തനംതിട്ട
3. കുളത്തൂപ്പുഴ, കൊല്ലം
4. പിണ്ണാക്ക് നാട്, കോട്ടയം
5. ചാലക്കുടി, തൃശ്ശൂർ
6. മലമ്പുഴ, പാലക്കാട്
7. തിരുനെല്ലി, വയനാട്
8. മഞ്ചേരി, മലപ്പുറം
9. നല്ലൂർനാട്, വയനാട്
10. മൂന്നാർ, ഇടുക്കി
11. അട്ടപ്പാടി, പാലക്കാട്
12. കല്പറ്റ, വയനാട്
13. പൂതോട്, വയനാട്
14. നൂൽപ്പുഴ, വയനാട്
15. കാസർഗോഡ്
16. കണ്ണൂർ

LIBRARY ARCHIVES Kerala Legislative Assembly